# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 645 12-07-2012-ൽ മറുപടിയ്ക്ക്**

## പുതിയ സ്പോർട്സ് നയം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം**<br>**ശ്രീ.എം.എ.ബേബി**<br>**ശ്രീ.കെ.ടി.ജലീൽ**<br>**ശ്രീ.ആർ.രാജേഷ്** | **ശ്രീ.കെ.ബി.ഗണേഷ്കുമാർ**<br>**(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാന സർക്കാരിന്റെ കരട് സ്പോർട്സ് നയത്തിന്റെ പ്രധാനലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാന സർക്കാരിന്റെ കരട് സ്പോർട്സ് നയത്തിന്റെ ലക്ഷ്യങ്ങൾ താഴെപറയുന്നവയാണ്.<br>1. എല്ലാ കേരളീയർക്കും സ്പോർട്സിൽ ഭാഗഭാക്കുകളാകുന്നതിന് തുല്യ അവസരമൊരുക്കുക.<br>2. കായികരംഗത്തെ മികവിനെ പ്രോത്സാഹിപ്പിക്കുക.<br>3. കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനവും, പരിശീലനവും പ്രദാനം ചെയ്ത് സഹായിക്കുക.<br>4. യൂണിവേഴ്സിറ്റികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്പോർട്സിനായുള്ള അടിസ്ഥാന സൗകര്യം വിപുലീകരിക്കുന്നതിന് ഊന്നൽ നൽകുക.<br>5. സദാചാരവും ധാർമ്മികവുമായ മൂല്യങ്ങളും സ്പോർട്സ്മാൻഷിപ്പിന്റെ ഊർജ്ജവും സൗഹൃദവും സ്വാംശീകരിക്കുന്നതിലൂടെ ഒരു കായിക സംസ്ക്കാരം വാർത്തെടുക്കുകയും അതുവഴി കൂടുതൽ മികവ് നേടാൻ യുവജനങ്ങളെ തത്പരരാക്കുക.<br>6. കേരളീയരെ ചുരുങ്ങിയ തോതിലുള്ള കായികക്ഷമതയെങ്കിലും കൈവരിക്കുന്നതിന് സഹായകമാകുന്ന ഒരു ചാലകമായി സ്പോർട്സിനെ പ്രയോജനപ്പെടുത്തുക.<br>7. കായിക പ്രതിഭകൾക്ക് ഈ രംഗത്ത് കൂടുതൽ മികവ് കൈവരിക്കുന്നതിന് അംഗീകാരവും പാരിതോഷികവും നൽകുക.<br>8. വികലാംഗരുടെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് അവരെ കൂടി സ്പോർട്സിലും ഗെയിംസിലും ഭാഗഭാക്കുകളാക്കുക.<br>9. കേരളത്തിൽ സാഹസിക സ്പോർട്സിന് പ്രചാരം നൽകുക.<br>10. ഒളിമ്പിക് ചാർട്ടറിന്റെ സത്തയെ ബഹുമാനിച്ചു കൊണ്ട് കായിക രംഗത്തിന് സ്വയംഭരണ സ്വാതന്ത്ര്യം ഉറപ്പുവരുത്തുക.<br>11. സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. |

12. സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അവരുടെ കായികരംഗത്തെ പ്രവർത്തനം ഉച്ചസ്ഥായിയിൽ എത്തിക്കുന്നതിനൊപ്പം അതിനായി വേണ്ട വിഭവശേഷിക്കായി സംസ്ഥാന സർക്കാരിനെ പൂർണ്ണമായി ആശ്രയിക്കുന്നതൊഴിവാക്കാൻ പ്രേരിപ്പിക്കുന്നതരത്തിൽ കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന സുസ്ഥിരമായ സാമ്പത്തിക സഹായം ഉറപ്പാക്കുക.

13. സ്വകാര്യ കോർപ്പറേറ്റ് സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് കായിക രംഗത്തിന്റെ അടിത്തറ വികസിപ്പിക്കുക.

(ബി) സ്കൂൾതലത്തിൽ തന്നെ പ്രതിഭകളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുവാൻ പ്രസ്തുത നയത്തിൽ എന്തെല്ലാം വിഭാവനം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇളംപ്രായത്തിൽ തന്നെ പ്രതിഭകളെ കണ്ടെത്തുന്നതിനും അവരിൽ അന്തർലീനമായ പ്രതിഭ സാക്ഷാത്ക്കരിക്കുന്നതിന് പ്രാപ്തരാക്കുന്നതിനുമാണ് ഈ നയം ഊന്നൽ നൽകുന്നത്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് ഈ കരട് നയത്തിൽ വ്യവസ്ഥയുണ്ട്.

ഒരു നിശ്ചിതകാലയളവിൽ സ്കൂളുകളും കോളേജുകളുമടക്കം വിവധ വകുപ്പുകൾക്കും സംഘടനകൾക്കും അവയുടെ ഭാഗമായി ആധുനികതരത്തിലുള്ള, സ്പോർട്സ് സംബന്ധമായ അടിസ്ഥാനസൗകര്യങ്ങൾ ഉണ്ടാക്കുക.

ജില്ലാതലം മുതലും, ആവശ്യമുള്ള പക്ഷം ഗ്രാമ/ബ്ലോക്ക് തലം മുതലും വിവിധ തലങ്ങളിൽ ചാമ്പ്യൻഷിപ്പുകളും ടൂർണ്ണമെന്റുകളും സംഘടിപ്പിച്ചുകൊണ്ട് കായിക താരങ്ങളുടെ മത്സരോത്സുകത മെച്ചപ്പെടുത്തുവാൻ മതിയായ അവസരമൊരുക്കും.

സ്കൂൾ, കോളേജ് വിദ്യാർത്ഥികളുടെ മത്സരോത്സുകത മെച്ചപ്പെടുത്തുന്നതിനായി കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ആക്ടിലെ ഇനങ്ങളിൽ വ്യവസ്ഥകൾ പ്രയോജനപ്പെടുത്തികൊണ്ട് തെരഞ്ഞെടുത്ത ഇനങ്ങളിൽ "കേരള ഗ്രാൻഡ് പ്രീ" എന്ന പേരിൽ ഒരു പ്രത്യേക പദ്ധതി ആവിഷ്ക്കരിക്കും.

സ്പോർട്സ് ഹോസ്റ്റലുകളിലെ ട്രെയിനികൾക്കും വിവിധ സംസ്ഥാന കോച്ചിംഗ് ക്യാമ്പുകളിൽ ഉൾപ്പെട്ട കായികതാരങ്ങൾക്കും അവരവരുടെ കളികൾക്കനുയോജ്യമായ ഉപകരണങ്ങൾ ആർജ്ജിക്കുന്നതിന് ആവശ്യമായ നടപടികൾ സ്പോർട്സ് വകുപ്പ് നടപ്പാക്കും.

സ്പോർട്സ് പാഠ്യ പദ്ധതിയിൽപ്പെടുത്തുന്നതിന്റെ ഭാഗമായി 2014-15 ഓടുകൂടി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും കായികവിദ്യാഭ്യാസം ഒരു ദൈനംദിന പ്രവർത്തനമാകും.

സമ്പൂർണ്ണ കായിക ക്ഷമതാ പദ്ധതിയിലൂടെയും കേരള സംസ്ഥാന കായികക്ഷമതാ മിഷൻ വഴിയും കായികക്ഷമത, നല്ല ആരോഗ്യം എന്നിവയുടെ പ്രാധാന്യം സമൂഹത്തിന്റെ സമസ്ത മേഖലകളിലും പ്രചരിപ്പിക്കുന്നതാണ്.

എല്ലാ സ്കൂളുകളിലും "പ്ലേ എ ഗെയിം പ്ലേ ഫോർ ഫൺ " (കളിക്കൂ ഒരു കളി- തമാശക്കുള്ള കളി) എന്ന ഒരു പുതിയ പദ്ധതി ഘട്ടം ഘട്ടമായി നടപ്പാക്കും.

നഗരങ്ങളിലും ഗ്രാമീണ മേഖലയിലുമുള്ള പെൺകുട്ടികളെ സ്പോർട്സ് പ്രവർത്തനങ്ങളിൽ വ്യാപൃതരാക്കുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കും.

വികലാംഗരായ കുട്ടികൾക്കായി പ്രത്യേകം പദ്ധതികൾ ആവിഷ്ക്കരിക്കും.

ഓരോ ജില്ലയിലും സ്പോർട്സിനാവശ്യമായ സ്ഥലവും സൗകര്യങ്ങളും ലഭ്യമായിട്ടുള്ള ഒരു സർക്കാർ സ്കൂൾ വീതം സ്പോർട്സ് പരിശീലനത്തിനുള്ള സെന്റർ ഓഫ് എക്സലൻസ് (മികവിന്റെ കേന്ദ്രം) ആയി മാറ്റുന്നതാണ്.

നിലവിലുള്ള സ്പോർട്സ് ഹോസ്റ്റലുകൾ, സ്പോർട്സ് ഡിവിഷനുകൾ എന്നിവയുടെ പരിതസ്ഥിതി അവിടെ പരിശീലനം നേടുന്ന കുട്ടികൾക്കനുരൂപവും സൗകര്യ പ്രദവുമാക്കുന്ന തരത്തിൽ മികച്ച താമസത്തിനും ഭക്ഷണത്തിനും ആധുനിക പരിശീലനത്തിനും വേണ്ട സൗകര്യങ്ങൾ ഉറപ്പാക്കി പ്രസ്തുത പദ്ധതി നവീകരിക്കും. ഈ സ്ഥാപനങ്ങൾക്ക് ഓരോ കളിയ്ക്കും അവയ്ക്കനുസൃതമായ പരിശീലന ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്യും.

മുൻഗണന നിശ്ചയിക്കപ്പെട്ട കായിക ഇനങ്ങൾക്കായി സ്കൂൾ തല സ്പോർട്സ് അക്കാദമികൾ ഓരോ ജില്ലയിലും സ്ഥാപിക്കുന്നതാണ്. അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനത്തിനനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടി നാലോ അഞ്ചോ ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് ഈ അക്കാദമികൾ പ്രാപ്തമായിരിക്കും.

മികച്ച കായികതാരങ്ങൾക്ക് സ്പോർട്സിൽ കൂടുതൽ ഏകാഗ്രത സാധ്യമാകുന്നതിനായി അവരുടെ നേട്ടങ്ങൾക്ക് നിലവാരാനുസൃതം ക്രമീകരിക്കപ്പെട്ട സ്കെയിൽ ആധാരമാക്കി ക്രെഡിറ്റ് നൽകുന്നതിനും അത് സെക്കന്ററി, ഹയർസെക്കന്ററി തലത്തിൽ പഠനമൂല്യനിർണ്ണയ വ്യവസ്ഥയുമായി സംയോജിപ്പിക്കുന്നതുമാണ്. പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സ്പോർട്സ് ക്വാട്ടയിൽ സീറ്റുകൾ അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ഉചിതമായ രീതിയിൽ പരിഷ്ക്കരിക്കും.

മികച്ച സ്കൂൾ/ കോളേജ് തല കായിക താരങ്ങൾക്ക് സ്പോർട്സ് സ്കോളർഷിപ്പ് അനുവദിക്കും.

നിർദ്ദിഷ്ട ദേശീയ/അന്തർദേശീയ തല മത്സരങ്ങളിലെ സബ് ജൂനിയർ, സീനിയർ വിഭാഗങ്ങളിൽ വിജയികളാകുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകുന്നതിന് നിലവിലുള്ള പദ്ധതി ഉചിതമായ രീതിയിൽ പരിഷ്ക്കരിക്കും.

മികച്ച കോച്ചിനും, മികച്ച കായികാദ്ധ്യാപകനും അവാർഡ് നടപ്പിലാക്കും.

നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കും ഹയർ സെക്കന്ററി വിഭാഗത്തിനായി സൃഷ്ടിക്കപ്പെട്ട അധിക തസ്തികകൾക്കനുസൃതമായി സ്കൂളുകളിൽ കായിക അദ്ധ്യാപകരെ ലഭ്യമാക്കും.

| | | | |
|---|---|---|---|
| (സി) | സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുക കാലോചിതമായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് എന്ത് സഹായമാണ് ലഭിക്കുക ; | (സി) | സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്ക് സ്പോർട്സ് സ്ക്കോളർഷിപ്പ് അനുവദിക്കുന്നതിനും സ്ക്കോളർഷിപ്പ് തുക കാലോചിതമായി ഉയർത്തുന്നതിനും കരട് സ്പോർട്സ് നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനെക്കുറിച്ച് കായികനയം പ്രഖ്യാപിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. |
| (ഡി) | സ്പോർട്സിൽ പ്രൊഫഷണലിസം ഏർപ്പെടുത്താനും ഇതിന്റെ ഭാഗമായി അത്‌ലറ്റിക് കമ്മീഷൻ രൂപീകരിക്കാനും നടപടി ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ കമ്മീഷന്റെ ഘടനയും പ്രവർത്തനവും എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ഡി) | സ്പോർട്സിൽ പ്രൊഫഷണലിസം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി അത്‌ലറ്റിക് കമ്മിഷൻ രൂപീകരിക്കുന്ന കാര്യം കരട് സ്പോർട്സ് നയത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിൽ തലത്തിൽ ഒരു പത്തംഗ കമ്മീഷനായിരിക്കും ഈ കമ്മീഷന്റെ അംഗങ്ങളെ ദ്വൈവാർഷികമായി കേരളത്തിൽ നിന്നുള്ള അർജ്ജുന അവാർഡ് ജേതാക്കളും, മുൻവർഷങ്ങളിലെ അന്തർദ്ദേശീയ താരങ്ങളും ദേശീയ സീനിയർ ചാമ്പ്യൻഷിപ്പുകളിലെ മെഡൽ ജേതാക്കളും ചേർന്ന് തെരഞ്ഞെടുക്കും. ഈ കമ്മീഷന് ഒരു പ്രസിഡന്റ് ഉണ്ടായിരിക്കുന്നതും അത് കായിക താരങ്ങളുടെ പരിശീലനം, ക്ഷേമം തുടങ്ങിയ കാര്യങ്ങളിൽ സർക്കാരിനാവശ്യമായ ഉപദേശങ്ങൾ നൽകും. സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി കമ്മീഷന്റെ കൺവീനറായിരിക്കും. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**